| 24-04-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- വൈജയന്തി മാലയിൽ വരുന്നതിനു വേണ്ടി നിരന്തരം ബാബയെ ഓർമ്മിക്കൂ, തന്റെ സമയത്തെ വ്യർത്ഥമാക്കരുത്, പഠിപ്പിൽ പൂർണ്ണ ശ്രദ്ധ നൽകൂ.**

**ചോദ്യം:-** ബാബ തന്റെ കുട്ടികളോട് ഏതൊരു കാര്യമാണ് അഭ്യർത്ഥിക്കുന്നത്?
**ഉത്തരം:-** മധുരമായ കുട്ടികളെ, ബാബ അഭ്യർത്ഥിക്കുകയാണ് - നല്ല രീതിയിൽ പഠിച്ചുകൊണ്ടിരിക്കൂ. അച്ഛന്റെ മാനം കാക്കൂ. അച്ഛന്റെ പേര് മോശമാകുന്ന വിധത്തിലുള്ള ഒരു കർമ്മവും ചെയ്യരുത്. സത്യമായ അച്ഛൻ, സത്യമായ ടീച്ചർ, സത്യമായ ഗുരുവിനെ ഒരിക്കലും നിന്ദിക്കരുത്. പ്രതിജ്ഞ ചെയ്യൂ- ഏതുവരെ പഠിപ്പുണ്ടോ അതുവരെയും തിർച്ചയായും പവിത്രമായിരിക്കും.

**ഗീതം:-** അങ്ങയെ നേടിക്കഴിഞ്ഞ ഞങ്ങൾ ലോകം മുഴുവനും നേടിക്കഴിഞ്ഞു...........

**ഓം ശാന്തി**. അങ്ങയെ നേടിയ ഞങ്ങൾ മുഴുവൻ വിശ്വത്തിലെയും രാജ്യ പദവി നേടുന്നു എന്ന് ആരാണ് പറഞ്ഞത്. ഇപ്പോൾ നിങ്ങൾ വിദ്യാർത്ഥികളുമാണ് കുട്ടികളുമാണ്. നിങ്ങൾക്ക് അറിയാം പരിധിയില്ലാത്ത അച്ഛൻ നമ്മൾ കുട്ടികളെ വിശ്വത്തിന്റെ അധികാരികളാക്കി മാറ്റാൻ വന്നിരിക്കുകയാണ്. ബാബയുടെ മുന്നിൽ ഇരിക്കുകയും രാജയോഗം പഠിക്കുകയും ചെയ്യുന്നു അർത്ഥം നമ്മൾ വിശ്വത്തിന്റെ കിരീടധാരി രാജകുമാരീ-കുമാരനായി മാറുന്നതിനാണ് നിങ്ങൾ ഇവിടെ വരുന്നതും പഠിക്കുന്നതും. ഈ ഗീതം ഭക്തിമാർഗ്ഗത്തിലേതാണ്. കുട്ടികൾക്ക് ബുദ്ധികൊണ്ട് മനസ്സിലാക്കാൻ സാധിക്കും നമ്മൾ വിശ്വത്തിലെ മഹാരാജാ-മഹാറാണിയായി മാറുകയാണ്. ബാബ ജ്ഞാനസാഗരനാണ്, സുപ്രീം ആത്മീയ ടീച്ചറാണ് നിങ്ങൾ ആത്മാക്കളെ പഠിപ്പിക്കുന്നത്. ആത്മാവിന് ഈ ശരീരമാകുന്ന കർമ്മേന്ദ്രിയത്തിലൂടെ അറിയാൻ സാധിക്കും നമ്മൾ ബാബയിൽ നിന്നും വിശ്വത്തിന്റെ കിരീടധാരി രാജകുമാരി-കുമാരനായി മാറുന്നതിന് വേണ്ടി പാഠശാലയിൽ ഇരിക്കുകയാണ്. എത്ര ലഹരി ഉണ്ടായിരിക്കണം. തന്റെ ഹൃദയത്തോട് ചോദിക്കൂ- നമ്മൾ വിദ്യാർത്ഥികളിൽ ഇത്രയും ലഹരി ഉണ്ടോ? ഇത് പുതിയ കാര്യമൊന്നും അല്ല. നമ്മൾ കൽപ്പകൽപ്പം വിശ്വത്തിലെ കിരീടധാരി രാജകുമാരീ രാജകുമാരനായി മാറുന്നതിനു വേണ്ടി ബാബയുടെ അടുത്തേക്ക് വന്നിരിക്കുകയാണ്. ആ ബാബ അച്ഛനുമാണ് ടീച്ചറുമാണ്. ബാബ ചോദിക്കുമ്പോൾ എല്ലാവരും പറയുന്നു നമ്മൾ സൂര്യവംശിയിലെ കിരീടധാരി രാജകുമാരീ-കുമാരൻ അഥവാ ലക്ഷ്മീ നാരായണനായി മാറും. ഹൃദയത്തോട് ചോദിക്കണം നമ്മൾ ആ രീതിയിൽ പുരുഷാർത്ഥം ചെയ്യുന്നുണ്ടോ? സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകാൻ വന്നിരിക്കുന്ന പരിധിയില്ലാത്ത അച്ഛൻ നമ്മുടെ അച്ഛനും ടീച്ചറും ഗുരുവുമാണെങ്കിൽ തീർച്ചയായും സമ്പത്തും അത്രയും ഉയർന്നതായിരിക്കും. നോക്കണം തനിക്ക് ഇത്രയും സന്തോഷം ഉണ്ടോ, ഇന്നു ഞാൻ പഠിക്കുന്നു, നാളെ രാജകുമാരനായി മാറുമെന്ന്, കാരണം ഇത് സംഗമം അല്ലേ. ഇപ്പോൾ ഇക്കരയിലാണ്, അക്കരയായ സ്വർഗ്ഗത്തിലേക്ക് പോകുന്നതിനു വേണ്ടി പഠിക്കുന്നു. അവിടെ സർവ്വഗുണ സമ്പന്നരും 16 കലാ സമ്പൂർണ്ണരുമായിട്ടേ പോകൂ. ഞാൻ അത്രയും യോഗ്യനായോ എന്ന് അവനവനോട് ചോദിക്കണം. ഒരേയൊരു ഭക്ത നാരദന്റെ കാര്യമല്ല. നമ്മൾ എല്ലാവരും ഭക്തരായിരുന്നു, ഇപ്പോൾ ബാബ ഭക്തിയിൽ നിന്നും മോചിപ്പിക്കുകയാണ്. നിങ്ങൾക്ക് അറിയാം നമ്മൾ ഇപ്പോൾ ബാബയുടെ മക്കളായിരിക്കുകയാണ്, ബാബയിൽ നിന്നും വിശ്വത്തിന്റെ അധികാരീ പദവിയുടെ സമ്പത്ത് നേടാൻ വന്നിരിക്കുകയാണ്. ബാബ പറയുന്നു തന്റെ ഗൃഹസ്ഥ വ്യവഹാരത്തിലിരിക്കൂ. വാനപ്രസ്ഥ അവസ്ഥയുള്ളവർക്ക് ഗൃഹസ്ഥത്തിൽ ഇരിക്കേണ്ട ആവശ്യമില്ല. കുമാരീ-കുമാരന്മാരും ഗൃഹസ്ഥത്തിൽ അല്ല. അവരുടേതും ഇപ്പോൾ വിദ്യാർത്ഥീജീവിതമാണ്. ബ്രഹ്മചര്യത്തിൽ തന്നെയാണ് പഠിപ്പ് പഠിക്കുന്നത്. ഇപ്പോൾ ഈ പഠിപ്പ് ഏറ്റവും ഉയർന്നതാണ്, ഇവിടെ സദാകാലത്തേക്ക് പവിത്രമായി ജീവിക്കണം. അവ രാണെങ്കിൽ ബ്രഹ്മചര്യത്തിൽ പഠിച്ച് പിന്നെ വികാരത്തിൽ പോകുന്നു. ഇവിടെ നിങ്ങൾ ബ്രഹ്മചര്യത്തിലി രുന്ന് മുഴുവൻ പഠിപ്പും പഠിക്കുന്നു. ബാബ പറയുന്നു ഞാൻ പവിത്രതയുടെ സാഗരനാണ്, നിങ്ങളെയും അതുപോലെയാക്കി മാറ്റുന്നു. നിങ്ങൾക്ക് അറിയാം നമ്മൾ അരക്കൽപ്പം പവിത്രമായിരുന്നു. നമ്മൾ ബാബയോട് പ്രതിജ്ഞ ചെയ്തിരുന്നു- ബാബാ, ഞങ്ങൾക്കെന്തുകൊണ്ട് പാവനമായി പാവനലോകത്തിന്റെ അധികാരിയായി മാറിക്കൂടാ. എത്ര ഉയർന്ന അച്ഛനാണ്, സാധാരണ ശരീരത്തിലാണ്, പക്ഷെ ഈ ലഹരി ആത്മാവിന് ഉണ്ടായിരിക്കണമല്ലോ, ബാബ പവിത്രമാക്കാനാണ് വന്നിരിക്കുന്നത്. ബാബ പറയുന്നു നിങ്ങൾ ജന്മജന്മാന്തരം വികാരത്തിലേക്ക് പോയി വേശ്യാലയത്തിൽ പെട്ടുപോയിരിക്കുകയാണ്. നിങ്ങൾ സത്യയുഗത്തിൽ പവിത്രമായിരുന്നു, രാധയും കൃഷ്ണനും പവിത്രമായ രാജകുമാരീ-കുമാരൻ ആയിരുന്നില്ലേ. രുദ്രമാലയെ കാണൂ, വിഷ്ണുവിന്റെ മാലയെ നോക്കൂ. രുദ്രമാല തന്നെയാണ് വിഷ്ണുവിന്റെ

മാലയായി തീരുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു- വൈജയന്തി മാലയിലെ മുത്തായി മാറുന്നതിനു വേണ്ടി ആദ്യം നിരന്തരം ബാബയെ ഓർമ്മിക്കൂ, തന്റെ സമയത്തെ വ്യർത്ഥമാക്കരുത്. ഈ കക്കകളുടെ പിന്നാലെ പോയി കുരങ്ങനുസമാനമാകരുത്. കുരങ്ങൻ കടല കൊറിച്ചുകൊണ്ടിരിക്കും(സമയം വ്യർത്ഥമാക്കുന്നു) ഇപ്പോൾ ബാബ നിങ്ങൾക്ക് രത്നങ്ങൾ നൽകുകയാണ് പിന്നെ കക്കകൾക്കു പിറകെ അഥവാ കുരങ്ങനെപ്പോലെ കടലയ്ക്കു പിന്നാലെ പോയിക്കഴിഞ്ഞാൽ എന്തായിരിക്കും അവസ്ഥ. രാവണന്റെ തടവിൽ അകപ്പെടുന്നു. ബാബ വന്ന് രാവണന്റെ അടിമത്വത്തിൽ നിന്നും രക്ഷപ്പെടുത്തുന്നു. പറയുന്നു ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളേയും ബുദ്ധികൊണ്ട് ത്യാഗം ചെയ്യൂ, സ്വയം ആത്മാവാണെന്ന് നിശ്ചയിക്കൂ. ബാബ പറയുന്നു ഞാൻ കൽപ്പകൽപ്പം ഭാരതത്തിൽ തന്നെയാണ് വരുന്നത്. ഭാരതവാസി കുട്ടികളെയാണ് വിശ്വത്തിലെ അധികാരി രാജകുമാരി-കുമാരനാക്കി മാറ്റുന്നത്. എത്ര സഹജമായാണ് പഠിപ്പിക്കുന്നത്, ബാബ ഒരിക്കലും ഇവിടെ 4-8 മണിക്കൂർ ഇരിക്കാൻ പറയുന്നില്ല. ഗൃഹസ്ഥത്തിൽ ഇരുന്നു കൊണ്ടും സ്വയത്തെ ആത്മവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ പതിതത്തിൽ നിന്നും പാവനമായിത്തീരും. വികാരത്തിലേക്ക് പോകുന്നവരെയാണ് പതിതർ എന്നു പറയുന്നത്. ദേവതകൾ പാവനാത്മാക്കളായതുകൊണ്ടാണ് അവരെക്കുറിച്ചുള്ള മഹിമ പാടുന്നത്. ബാബ പറയുന്നു ഇവിടെ അൽപ്പകാല ക്ഷണഭംഗുര സുഖമാണ്, സന്യാസിമാർ ഈ സുഖത്തെക്കുറിച്ചാണ് കാക്ക കാഷ്ട സമാന സുഖം എന്നു പറയുന്നത്. പക്ഷേ അവർക്ക് ദേവതകളുടെ സുഖത്തെക്കുറിച്ച് അറിയില്ല. പേരു തന്നെ സുഖധാമം എന്നാണ്. ഈ കാര്യങ്ങളെക്കുറിച്ച് ലോകത്തിലുള്ളവർക്ക് അറിയില്ല. ബാബ തന്നെയാണ് കൽപ്പകൽപ്പം വന്ന് മനസ്സിലാക്കിത്തരുന്നത്, ദേഹീ അഭിമാനിയാക്കിയാക്കി മാറ്റുന്നത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. നിങ്ങൾ ആത്മാവാണ്, ഈ ദേഹമല്ല. ദേഹത്തിന്റെ അധികാരിയാണ് നിങ്ങൾ, ദേഹം നിങ്ങളുടെ അധികാരിയല്ല. 84 ജന്മം എടുത്ത് നിങ്ങൾ ഇപ്പോൾ തമോപ്രധാനമായിരിക്കുകയാണ്. നിങ്ങളുടെ ആത്മാവും ശരീരവും രണ്ടും പതിതമാണ്. ദേഹാഭിമാനിയായി മാറിയതിലൂടെ നിങ്ങളിൽ നിന്നും പാപം സംഭവിച്ചു, ഇപ്പോൾ നിങ്ങൾക്ക് ദേഹീഅഭിമാനിയായി മാറണം. എന്നോടൊപ്പം തിരികെ വീട്ടിലേക്ക് പോകണം. ആത്മാവിനേയും ശരീരത്തേയും ശുദ്ധമാക്കുന്നതിനു വേണ്ടിയാണ് ബാബ മന്മനാഭവ എന്നു പറയുന്നത്. ബാബ നിങ്ങളെ അരക്കൽപ്പം രാവണനിൽ നിന്നും സ്വതന്ത്രരാക്കിയിരുന്നു ഇപ്പോൾ വീണ്ടും സ്വതന്ത്രരാക്കുകയാണ്. അരക്കൽപ്പം നിങ്ങൾ സ്വതന്ത്രരായി രാജ്യം ഭരിക്കുന്നു. അവിടെ പഞ്ചവികാരങ്ങളുടെ പേരുപോലും ഇല്ല. ഇപ്പോൾ ശ്രീമത്തനുസരിച്ച് ശ്രേഷ്ഠമായിത്തീരണം. അവനവനോട് ചോദിക്കൂ എന്നിൽ എത്രത്തോളം വികാരങ്ങൾ ഉണ്ട് ? ബാബ പറയുന്നു ഒന്ന് എന്നെ മാത്രം ഓർമ്മിക്കൂ മറ്റൊന്ന് ആരുമായും അടിപിടിക്കോ കലഹത്തിനോ പോകരുത്. ഇല്ലെങ്കിൽ നിങ്ങൾ എങ്ങിനെ പവിത്രമാകും. നിങ്ങൾ ഇവിടേക്ക് വന്നിരിക്കുന്നതു തന്നെ പുരുഷാർത്ഥം ചെയ്ത് മാലയിൽ കോർക്കപ്പെടാനാണ്. തോറ്റുപോയാൽ മാലയിൽ കോർക്കപ്പെടാൻ സാധിക്കില്ല. കൽപ്പകൽപ്പത്തിലെ ചക്രവർത്തീ പദവി നഷ്ടപ്പെടുന്നു. പിന്നീട് അന്തിമത്തിൽ വളരെയധികം പശ്ചാത്തപിക്കേണ്ടതായി വരും. ഭൗതികമായ പഠിപ്പിലും രജിസ്റ്റർ വയ്ക്കാറുണ്ട്. ലക്ഷണവും നോക്കാറുണ്ട്. ഇതും പഠിപ്പാണ്, അതിരാവിലെ എഴുന്നേറ്റ് നിങ്ങൾ സ്വയം പഠിക്കൂ. പകൽ സമയത്ത് കർമ്മം ചെയ്യണം. സമയം ലഭിക്കുന്നില്ലെങ്കിൽ മനുഷ്യർ അതിരാവിലെ എഴുന്നേറ്റും ഭക്തി ചെയ്യുന്നുണ്ട്. ഇതാണെങ്കിൽ ജ്ഞാനമാർഗ്ഗമാണ്. ഭക്തിയിലും പൂജ ചെയ്തുകൊണ്ടിരിക്കുമ്പോൾ ബുദ്ധി മറ്റേതെങ്കിലും ദേഹധാരിയിലേക്ക് പോകുന്നു. ഇവിടെയും നിങ്ങൾ ബാബയെ ഓർമ്മിക്കുമ്പോൾ ജോലിയെക്കുറിച്ചെല്ലാം ഓർമ്മ വരുന്നു. എത്രത്തോളം ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നുവോ അത്രത്തോളം പാപം നശിക്കും.

നിങ്ങൾ കുട്ടികൾ എപ്പോഴാണോ പുരുഷാർത്ഥം ചെയ്ത് തീർത്തും പവിത്രമാകുന്നത് അപ്പോഴാണ് മാല ഉണ്ടാവുക. പൂർണ്ണ രീതിയിൽ പുരുഷാർത്ഥം ചെയ്തില്ലെങ്കിൽ പ്രജയിലേക്ക് പോകും. നല്ല രീതിയിൽ യോഗം ചെയ്താൽ, പഠിച്ചാൽ, തന്റെ എല്ലാ സാമഗ്രികളും ഭാവിയിലേക്ക് വേണ്ടി ട്രാൻസ്ഫർ ചെയ്യുകയാണെങ്കിൽ റിട്ടേൺ ആയി എല്ലാം പുതിയത് ഭാവിയിൽ ലഭിക്കും. ഈശ്വരാർത്ഥം നൽകുന്നു എങ്കിൽ അടുത്ത ജന്മത്തിൽ അതിന്റെ റിട്ടേൺ ആയി ലഭിക്കുമല്ലോ. ബാബ പറയുന്നു ഞാനിപ്പോൾ നേരിട്ട് നിങ്ങളുടെ മുന്നിലേക്ക് വരുന്നു. ഇപ്പോൾ നിങ്ങൾ എന്തെല്ലാമാണോ ചെയ്യുന്നത് എല്ലാം അവനവനുവേണ്ടിയാണ്. മനുഷ്യർ പരോക്ഷമായി ദാന-പുണ്യങ്ങൾ ചെയ്യുന്നു. ഈ സമയം നിങ്ങൾ ബാബയെ വളരെയധികം സഹായിക്കുന്നു. നിങ്ങൾക്കറിയാം നമ്മുടെ കയ്യിലുള്ള പൈസ എല്ലാം തന്നെ നശിച്ചു പോകും. ഇതിനേക്കാളും നല്ലത് എന്തുകൊണ്ട് ബാബയുടെ സേവനത്തിന് ഉപയോഗിച്ചു കൂടാ. എങ്ങനെയാണ് ബാബ രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുന്നത് എന്നു നോക്കൂ. സൈനികരോ ആയുധങ്ങളോ ഒന്നും തന്നെയില്ല. എല്ലാം ഗുപ്തമാണ്. കന്യകമാരെ വിവാഹം കഴിപ്പിച്ചു കൊടുക്കുമ്പോൾ ചിലർ സ്ത്രീധനം ഗുപ്തമായി നൽകുന്നു. പെട്ടി അടച്ച് ചാവി കയ്യിൽ നൽകുന്നു. ചിലർ വളരെയധികം ഷോ ചെയ്യുന്നവരുമുണ്ട്, ചിലർ ഗുപ്തമായി നൽകുന്നു. ബാബയും പറയുന്നു നിങ്ങൾ പ്രിയതമകളാണ്, ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുവാൻ വന്നിരിക്കുകയാണ്. നിങ്ങൾ ബാബയെ

ഗുപ്തമായി സഹായിക്കുന്നു. നിങ്ങൾക്കറിയാം ഇവിടെ പുറമേ ഷോ ചെയ്യേണ്ട ആവശ്യമില്ല. ഇത് വികാരിയും പതിതവുമായ ലോകമാണ്. സൃഷ്ടിയുടെ വൃദ്ധിയും ഉണ്ടാകണം. ആത്മാക്കൾക്ക് മുകളിൽ നിന്നും താഴേക്ക് ഇറങ്ങിവരേണ്ടതായുണ്ട്. ഇനിയും കൂടുതൽ ജന്മങ്ങൾ എടുക്കും. ഈ കണക്കിന് പോവുകയാണെങ്കിൽ അവസാനം ധാന്യങ്ങൾ പോലും ലഭിക്കില്ല. ഇവിടെ എല്ലാവർക്കും ആസുരീയ ബുദ്ധിയാണ്. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ഈശ്വരീയ ബുദ്ധി ലഭിച്ചിട്ടുണ്ട്. ഭഗവാൻ നമ്മെ പഠിപ്പിക്കുന്നു എങ്കിൽ അവരെ എത്രത്തോളം ബഹുമാനിക്കണം. എത്രമാത്രം പഠിക്കണം. പല കുട്ടികൾക്കും പഠിക്കാനുള്ള താത്പര്യമേ ഇല്ല. നിങ്ങൾ കുട്ടികൾക്ക് ഇയൊരു കാര്യം ബുദ്ധിയിൽ ഉണ്ടായിരിക്കണം നമ്മൾ ബാബയിലൂടെ വിശ്വത്തിലെ രാജകുമാരീ- കുമാരനായി മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ബാബ പറയുന്നു എന്റെ ശ്രീമതം പാലിക്കൂ, ബാബയെ ഓർമ്മിക്കൂ. പക്ഷെ കുട്ടികൾ പറയാറുണ്ട് ഞങ്ങൾ ഇടക്കിടെ മറന്നു പോകുന്നു. ഞങ്ങൾക്ക് പാഠങ്ങൾ മറക്കുന്നു എന്ന് വിദ്യാർത്ഥികൾ പറഞ്ഞാൽ, ടീച്ചർക്ക് എന്തു ചെയ്യാൻ സാധിക്കും. ഓർമ്മിച്ചില്ല എങ്കിൽ വികർമ്മം നശിക്കില്ല. എല്ലാവരും പാസ്സാകുന്നതിനു വേണ്ടി ടീച്ചർക്ക് കൃപ അഥവാ ആശീർവാദം കാണിക്കുവാൻ സാധിക്കുമോ? ഇവിടെ ആശീർവാദത്തിന്റേയോ കൃപയുടേയോ കാര്യമില്ല. എല്ലാവരും പാസ്സാകുന്നതിനു വേണ്ടി ടീച്ചർക്ക് കൃപ അഥവാ ആശീർവാദം കാണിക്കുവാൻ കഴിയുമോ? ഇവിടെ ആശീർവാദത്തിന്റേ കൃപയുടേയോ കാര്യമില്ല. ബാബ പഠിക്കാനാണ് പറയുന്നത്. ജോലികൾ ചെയ്യൂ പക്ഷെ തീർച്ചയായും പഠിക്കണം. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറൂ, മറ്റുള്ളവർക്ക് വഴി പറഞ്ഞുകൊടുക്കൂ. അവനവന്റെ ഹൃദയത്തോട് ചോദിക്കണം ഞാൻ എത്രത്തോളം ബാബയുടെ സേവനം ചെയ്യുന്നുണ്ട്. എത്ര പേരെ തനിക്ക് സമാനമാക്കി മാറ്റുണ്ട്? ത്രിമൂർത്തിയുടെ ചിത്രം തൊട്ടു മുന്നിൽ തന്നെയുണ്ട്. ഇതാണ് ശിവബാബ, ഇതു ബ്രഹ്മാവിന്റെ ചിത്രമാണ്. ഈ പഠിപ്പിലൂടെ വിഷ്ണുവിന് സമാനമായി മാറുന്നു. പിന്നീട് 84 ജന്മങ്ങൾക്കു ശേഷം വീണ്ടും ഇവരെപ്പോലെയാകുന്നു. ശിവബാബ ബ്രഹ്മാവിന്റെ ശരീരത്തിൽ പ്രവേശിച്ച് നിങ്ങൾ ബ്രാഹ്മണരെയാണ് ഇങ്ങനെയാക്കി മാറ്റുന്നത്. നിങ്ങൾ ബ്രാഹ്മണരായിരിക്കയാണ്. തന്റെ ഹൃദയത്തോട് ചോദിക്കണം നമ്മൾ എത്രത്തോളം പവിത്രമായിട്ടുണ്ട്, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുന്നുണ്ട്? തന്റെ പഴയ ദേഹത്തെ മറന്നോ? ഈ ശരീരം പഴയ ചെരുപ്പിന് സമാനമാണ്. ആത്മാവ് പവിത്രമാവുകയാണെങ്കിൽ ഫസ്റ്റ്ക്ലാസ്സായ ചെരുപ്പും (ശരീരം) ലഭിക്കും. ഈ പഴയ വസ്ത്രം ഉപേക്ഷിച്ച് പുതിയ വസ്ത്രം അണിയുന്നു, ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു. ഇന്ന് പഴയ ചെരുപ്പിലാണ്, നാളെ ദേവതയായി മാറുന്നു. ബാബയിലൂടെ ഭാവിയിലെ അരക്കൽപ്പത്തേക്കു വേണ്ടി വിശ്വത്തിലെ കിരീടധാരിയായി തീരുന്നു. നമ്മുടെ രാജധാനിയെ ആർക്കും തട്ടിയെടുക്കാൻ സാധിക്കില്ല. അതിനാൽ ബാബയുടെ ശ്രീമതം അനുസരിച്ച് മുന്നേറണം. അവനവനോട് ചോദിക്കൂ ഞാൻ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുണ്ട്. സ്വദർശന ചക്രധാരിയായി മാറുന്നുണ്ടോ. ആര് ചെയ്യുന്നുവോ അവർ നേടുന്നു. ബാബ പഠിപ്പിക്കുന്നു. മുരളി എല്ലാവർക്കും ലഭിക്കുന്നുണ്ട്. ശരി, ഇനി ലഭിച്ചില്ലെങ്കിൽപോലും ഏഴ് ദിവസത്തെ കോഴ്സ് ലഭിച്ചല്ലോ അർത്ഥം ബുദ്ധിയിലേക്ക് ജ്ഞാനം വന്നു കഴിഞ്ഞു. ആരംഭത്തിൽ ഭട്ഠി ഉണ്ടായിരുന്ന സമയത്ത് ചിലർ പാകമായിരുന്നു, ചിലർ അപക്വമായി പുറത്തേക്ക് പോയി, കാരണം മായയുടെ കൊടുങ്കാറ്റും വരുമല്ലോ. 6-8 മാസം പവിത്രമായിരുന്ന് പിന്നീട് ദേഹാഭിമാനത്തിലേക്ക് വന്ന് തന്റെ തന്നെ ഘാതകനാകുന്നു. മായ വളരെ മോശതരമാണ്. അരക്കൽപ്പം മായയോട് തോറ്റു. ഇപ്പോഴും തോറ്റു പോവുകയാണെങ്കിൽ തന്റെ പദവി നഷ്ടപ്പെടുത്തുന്നു. പദവിയും നമ്പർ പ്രകാരമാണ്. ചിലർ രാജാ-റാണിമാരാകുന്നു, ചിലർ മന്ത്രിമാർ, ചിലർ പ്രജകൾ, ചിലർക്ക് വജ്രവൈഢൂര്യങ്ങളുടെ കൊട്ടാരം ലഭിക്കുന്നു. പ്രജകളിലും ചിലർ വളരെ ധനവാന്മാരാകുന്നു, വജ്രവൈഢൂര്യങ്ങളുടെ കൊട്ടാരം ഉണ്ടായിരിക്കും, ഇവിടെയും നോക്കൂ പ്രജകളിൽ നിന്നും കടം വാങ്ങുന്നുണ്ടല്ലോ. അപ്പോൾ ഇവിടെ പ്രജകളാണോ അതോ രാജാവാണോ ധനവാന്മാർ? ഇത് അന്ധന്മാരുടെ നഗരമാണ്.......ഇത് ഇപ്പോഴത്തെ കാര്യമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് നിശ്ചയം ഉണ്ടായിരിക്കണം നമ്മൾ വിശ്വത്തിലെ കിരീടധാരി രാജകുമാരനാകുന്നതിനു വേണ്ടി പഠിക്കുകയാണ്. വിദ്യാർത്ഥികൾ പഠിക്കുമ്പോൾ ഞാൻ എഞ്ചിനീയർ അഥവാ വക്കീൽ ആകാൻ പോവുകയാണെന്ന കാര്യം മറക്കുമോ? പലരും മുന്നോട്ടു പോകവേ മായയുടെ കൊടുങ്കാറ്റിൽ പെട്ടുപോകുന്നതിലൂടെ പഠിപ്പ് തന്നെ ഉപേക്ഷിക്കുന്നു.

ബാബ തന്റെ കുട്ടികളോട് ഒരു കാര്യത്തിൽ അഭ്യർത്ഥിക്കുകയാണ് - മധുരമായ കുട്ടികളെ, നല്ല രീതിയിൽ പഠിക്കൂ എന്നാൽ നല്ല പദവി ലഭിക്കും അച്ഛന്റെ മാനം കാക്കൂ. നിങ്ങൾ അങ്ങനെയുള്ള മോശപ്രവൃത്തികൾ ചെയ്യുകയാണെങ്കിൽ അച്ഛന്റെ പേര് മോശമാകും. സത്യമായ അച്ഛൻ, ടീച്ചർ, ഗുരുവിനെ നിന്ദിക്കുകയാണെങ്കിൽ ഉയർന്ന പദവി ലഭിക്കില്ല. ഈ സമയം നിങ്ങൾ വജ്രസമാനമാവുകയാണെങ്കിൽ എന്തിന് കക്കകളുടെ പിന്നാലെ പോകണം. ബ്രഹ്മാബാബയ്ക്ക് സാക്ഷാത്കാരം ലഭിച്ച ഉടനെ കക്കകളെ (വിനാശി ധനം) ഉപേക്ഷിച്ചു. 21 ജന്മത്തേയ്ക്കു വേണ്ടി ചക്രവവത്തീപദവി ലഭിക്കുന്നുവെങ്കിൽ പിന്നീട് ഇതെല്ലാം എന്തുചെയ്യാനാണ്? എല്ലാം ശിവബാബയ്ക്ക് നൽകി. ഞാൻ വിശ്വത്തിന്റെ ചക്രവവത്തീ പദവി നേടുന്നു

എന്ന ലഹരി ഉണ്ടായിരുന്നു. അതിന് മുൻപ് വിനാശവും സംഭവിക്കുമെന്ന് അറിയാം. ഇപ്പോൾ പഠിച്ചില്ലെങ്കിൽ ഒരുപാട് വൈകിപ്പോകും, പശ്ചാത്തപിക്കേണ്ടതായി വരും. കുട്ടികൾക്ക് എല്ലാറ്റിന്റേയും സാക്ഷാത്കാരം ലഭിക്കും. അല്ലയോ പതിതപാവനാ എന്നു പറഞ്ഞ് നിങ്ങൾ വിളിച്ചു. ഇപ്പോൾ നിങ്ങൾക്കു വേണ്ടി ഈ പതിത ലോകത്തിലേക്ക് ഞാൻ വന്നിരിക്കുകയാണ്. നിങ്ങളോടു പറയുന്നു പാവനമായിത്തീരൂ എന്ന്. നിങ്ങൾ വീണ്ടും ഇടക്കിടെ അഴുക്കിലേക്ക് തന്നെ വീണു പോകുന്നു. ഞാൻ കാലന്റെയും കാലനാണ്. എല്ലാവരേയും തിരികെ കൊണ്ടു പോകും. സ്വർഗ്ഗത്തിലേക്ക് പോകാനുള്ള വഴിയാണ് ബാബ പറഞ്ഞു തരുന്നത്. സൃഷ്ടിചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്ന ജ്ഞാനവും നൽകുന്നു. ഇത് പരിധിയില്ലാത്ത ജ്ഞാനമാണ്. ആരെല്ലാമാണോ കൽപ്പം മുമ്പ് പഠിച്ചിട്ടുള്ളത് അവരേ പഠിക്കൂ, ഇതിന്റേയും സാക്ഷാത്കാരം ഉണ്ടാകുന്നു. പരിധിയില്ലാത്ത അച്ഛനാണ് വന്നിരിക്കുന്നത് എന്ന നിശ്ചയം ഉണ്ടായാൽ, ഏതൊരു ഭഗവാനെ മിലനം ചെയ്യാനാണോ ഇത്രയും നാൾ ഭക്തിചെയ്തത് ആ ഭഗവാനാണ് ഇവിടെ വന്ന് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്ന് മനസ്സിലായാൽ, ആ അച്ഛനുമായി കൂടിക്കാഴ്ച്ച നടത്താതിരിക്കാൻ സാധിക്കില്ല. അഥവാ പക്കാ നിശയം ഉണ്ടെങ്കിൽ എത്ര സന്തോഷത്തോടെ ഉല്ലാസത്തോടെയായിരിക്കും ഓടികാണാൻ വരിക. ഇതിൽ ചതിയുടെ കാര്യമില്ല. ധാരാളം കുട്ടികൾ പവിത്രമായി ജീവിക്കാതെ, പഠിക്കാതെ ബാബയുടെ അടുത്തേക്ക് വരുന്നുണ്ട്. വെറുതെ ചുറ്റിക്കറങ്ങാൻ പോകുന്നതുപോലെ വരുന്നവരും ഉണ്ട്. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് -നിങ്ങൾ കുട്ടികൾക്ക് ഗുപ്തമായ രീതിയിൽ തന്റെ രാജധാനി സ്ഥാപിക്കണം. പവിത്രമാവുകയാണെങ്കിൽ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായിത്തീരുന്നു. ബാബ തന്നെയാണ് ഈ രാജയോഗം പഠിപ്പിക്കുന്നത്. ബാക്കി മറ്റുള്ളവരെല്ലാം ഹഠയോഗികളാണ്. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. നമ്മൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും വിശ്വത്തിന്റെ കിരീടധാരി രാജകുമാരനായി മാറുന്നതിനായി വന്നിരിക്കുകയാണ് എന്ന ലഹരി ഉണ്ടെങ്കിൽ ശ്രീമത്ത് അനുസരിച്ച് മുന്നേറണം. പക്ഷെ മായ നിങ്ങളുടെ ബുദ്ധിയുടെ യോഗത്തെ മുറിക്കുന്നു. ബാബ ശക്തിശാലിയാണ് അതുപോലെ മായയും ശക്തിശാലിയാണ്. അരക്കൽപ്പം രാമരാജ്യമുണ്ടെങ്കിൽ അരക്കൽപ്പം രാവണന്റെയും രാജ്യമുണ്ട്. ഇതും ആർക്കും അറിയില്ല. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികകൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം-

1) സദാ ഈ ലഹരി ഉണ്ടായിരിക്കണം നാം ഇന്ന് പഠിക്കുകയാണ്, നാളെ കിരീടധാരി രാജകുമാരീ - കുമാരനാകും. ഞാൻ ആ രീതിയിലുള്ള പുരുഷാർത്ഥം ചെയ്യുന്നുണ്ടോ എന്ന് തന്റെ ഹൃദയത്തോട് ചോദിക്കണം. ബാബയോട് അത്രയും ബഹുമാനമുണ്ടോ, പഠിപ്പിനോട് താൽപ്പര്യമുണ്ടോ?

2) ബാബയുടെ കർത്തവ്യത്തിൽ ഗുപ്ത സഹയോഗികൾ ആയിത്തീരണം. ഭാവിയിലേക്കു വേണ്ടി തന്റെ എല്ലാ സാമഗ്രികളും ട്രാൻസ്ഫർ ചെയ്യണം. കക്കകൾക്കു പിറകേ പോയി തന്റെ സമയം നഷ്ടപ്പെടുത്താതെ ജീവിതത്തെ വജ്രസമാനമാക്കി മാറ്റാനുള്ള പുരുഷാർത്ഥം ചെയ്യണം.

## വരദാനം:- മനസ്സിനേയും ബുദ്ധിയേയും മൻമത്തിൽ നിന്നും മുക്തമാക്കി സൂക്ഷ്മ വതനത്തിന്റെ അനുഭവം ചെയ്യുന്ന ഡബിൾ ലൈറ്റായി ഭവിക്കൂ

കേവലം സങ്കൽപശക്തി അർത്ഥം മനസ്സിനെയും ബുദ്ധിയേയും സദാ മൻമത്തിൽ നിന്ന് മുക്തമാക്കി വയ്ക്കൂ അപ്പോൾ ഇവിടെ കഴിഞ്ഞുകൊണ്ടും വതനത്തിലെ എല്ലാ ദൃശ്യങ്ങളും ഇത്രയും സ്പഷ്ടമായി അനുഭവം ചെയ്യും ഏതുപോലെയാണോ ഈ ലോകത്തിലെ ഏതൊരു ദൃശ്യവും സ്പഷ്ടമായി കാണുന്നത്. ഈ അനുഭൂതിക്ക് വേണ്ടി ഒരു ഭാരവും തന്നിൽ വയ്ക്കരുത്, എല്ലാ ഭാരങ്ങളും ബാബയ്ക്ക് നൽകി ഡബിൾ ലൈറ്റാകൂ. മനോ-ബുദ്ധിയാൽ സദാ ശുദ്ധ സങ്കൽപങ്ങളുടെ ഭോജനം കഴിക്കൂ. ഒരിക്കലും വ്യർത്ഥ സങ്കൽപങ്ങളുടെ അശുദ്ധ ഭോജനം കഴിക്കരുത് എങ്കിൽ ഭാരത്തിൽ നിന്ന് ഭാരരഹിതമായി ഉയർന്ന സ്ഥിതിയുടെ അനുഭവം ചെയ്യാൻ സാധിക്കും.

## സ്ലോഗൻ:- വ്യർത്ഥത്തിന് ഫുൾ സ്റ്റോപ്പിട്ട് ശുഭ ഭാവനയുടെ സ്റ്റോക്ക് ഫുള്ളാക്കൂ.

**അവ്യക്ത സൂചന - കമ്പൈൻഡ് രൂപ സ്മൃതിയിലൂടെ സദാ വിജയിയാകൂ**

അഥവാ പോകെ പോകെ അസഫലതയുടെ അല്ലെങ്കിൽ ബുദ്ധിമുട്ടിന്റെ അനുവം ഉണ്ടാകുന്നുണ്ടെങ്കിൽ അതിന്റെ കാരണമാണ് കേവല സേവാധാരിയാകുന്നത്. ഈശ്വരീയ സേവാധാരിയാകുന്നില്ല. ഈശ്വരനെ സേവനത്തിൽ നിന്ന് വേർപെടുത്തരുത്. പേര് തന്നെ ഈശ്വരീയ സേവാധാരി എന്നാണ്, എങ്കിൽ കമ്പൈൻഡായതിനെ എന്തിനാണ് വേർപെടുത്തുന്നത്. സദാ തന്റെ ഈ നാമം ഓർമ്മ വയ്ക്കുകയാണെങ്കിൽ സേവനത്തിൽ സ്വതവേ തന്നെ ഈശ്വരീയ ഇന്ദ്രജാലം നിറയും.